little KITEs of

TDHS THURAVOOR

# നീരം

THE DIGITAL MAGAZINE

2k24

# അണിയറ




TDHS THURAVOOR

## നീരം

THE DIGITAL MAGAZINE

2k24

## എഡിറ്റോറിയൽ ബോർഡ്

ജ്ഞാനശ്രീ പി പ്രഭു
കീർത്തന ദാസ്

തുഷാർപ്രഭു
ഹരിഗോവിന്ദ് എസ്
സംവൃത വിനോദ്

## സ്റ്റാഫ് എഡിറ്റേഴ്സ്

ബിജിമോൾ
നീരു
രേഷ്മ

## സോഫ്റ്റ് വെയേഴ്സ്

സ്ക്രൈബസ്
ലിബ്രേ ഓഫീസ് റൈറ്റർ
ജിമ്പ്

# എഡിറ്റോറിയൽ

പ്രിയ കൂട്ടരേ,

വിവരസാങ്കേതികവിദ്യ കുതിച്ചുയർന്ന സമകാലത്ത് എല്ലാം ഡിജിറ്റലായി മാറിയിരിക്കുന്നു. ആവശ്യമുള്ളത് എന്തും എക്കാലത്തേക്ക് സൂക്ഷിച്ച് വയ്ക്കാൻ കഴിയുന്ന സാങ്കേതികവിദ്യ നമുക്കും സ്വായത്തമായിരിക്കുന്നു.

ലിറ്റിൽ കൈറ്റ് നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ നമ്മുടെ വിദ്യാലയത്തിന്റെ മികവ് ഉൾപ്പെടെ കൂട്ടുകാരുടെ രചനകളും പരമാവധി ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഈ ഉദ്യമത്തിന് കൈത്താങ്ങായി നിൽക്കുകയും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്ത രേഷ്മ ടീച്ചർ, നീരുടീച്ചർ എന്നിവരുടെയും, എഡിറ്റോറിയൽ ബോർഡിനേയും നന്ദിപൂർവ്വം സ്മരിക്കുന്നതിനോടൊപ്പം ഈ ഡിജിറ്റൽ മാഗസിൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു...



ബിജിമോൾ
സ്റ്റാഫ് എഡിറ്റർ

# അകത്തളം


സാന്റിയാഗോ 01
How to win friends 05
ലഹരി 07
കാത്തിരിപ്പ് 08
ചാറ്റ് ജി പി ടി 09
നല്ല വാക്കുകൾ 12
ഓണം 13
सपने 14
Vagamon 15
അച്ഛനും അമ്മയും 16
भारत यात्र 17
കർഷകൻ 18
നൊമ്പരം 19
असाध्यम् एतत् 20
സയൻസ് ഫെസ്റ്റ് 24
വഴിച്ചാലുകൾ 25
അച്ചടക്കം 26








# സ്വപ്നത്തെ പിൻതുടർന്ന സാന്റിയാഗോ


പുസ്തകാസ്വാദനം

**കീർത്തന ദാസ്**

ഇടയബാലനായ സാന്റിയാഗോ താൻ സ്വപ്നത്തിൽ ദർശിച്ച നിധി തേടി സ്പെയിനിൽ നിന്നും ഈജിപ്തിലേക്ക് യാത്ര ചെയ്യുന്നു. യാത്രയ്ക്കിടയിൽ കണ്ടുമുട്ടുന്ന വ്യത്യസ്തരായ വ്യക്തികളിൽ നിന്നും ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും സാന്റിയാഗോയ്ക്ക് പുതിയ ജീവിതവീക്ഷണങ്ങളും കാഴ്ചപ്പാടുകളും സമ്മാനിക്കുന്നു.

ഒരു വ്യക്തിയിലുണ്ടാകുന്ന മാനസിക പരിവർത്തനങ്ങളെ ക്രമാനുഗതമായി അവതരിപ്പിക്കുന്നതിനു സാന്റിയാഗോ എന്ന കഥാപാത്രത്തെ പൗലോ കൊയ്‌ലോ സമർഥമായി ഉപയോഗിക്കുന്നു. നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി നാം തീവ്രമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ പ്രപഞ്ചം മുഴുവൻ നമ്മോടൊപ്പമുണ്ടാകുമെന്ന് ഈ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

സാൻറിയാഗോ ഉപേക്ഷിക്കപ്പെട്ട പള്ളിക്കരുകിൽ സൈക്കമോർ മരത്തിനടുത്ത് രാത്രി കഴിച്ചു കൂട്ടി. ആട്ടിൻപറ്റങ്ങളെ മേച്ചു നടന്നപ്പോൾ ഒരു കുഞ്ഞ് അവൻറെ കൈ പിടിച്ച് ഈജിപ്തിലെ പിരമിഡുകളുടെ അരികിൽ കൊണ്ടുപോകുന്നു. അവിടെയുള്ള നിധി കാട്ടിക്കൊടുക്കുന്നു. ഇതാണ് സ്വപ്നം.സാന്റിയാഗോ യാത്ര തിരിച്ചു. സാന്റിയാഗോ പതിനാറ് വയസ്സു വരെ സെമിനാരിയിൽ പുരോഹിതനാകാൻ പഠിച്ചു. ലോകമെന്തെന്ന് അറിയുവാൻ അവിടത്തെ പഠനം ഉപേക്ഷിച്ചു. സാന്റിയാഗോവിന് പുസ്തകങ്ങൾ എന്നും പ്രിയപ്പെട്ടവയാണ്. വഴിയിൽ കാണുന്ന നിമിത്തങ്ങളെ തിരിച്ചറിയുവാനുള്ള രണ്ടുകല്ലുകൾ രാജാവെന്നു സ്വയം വിശേഷിപ്പിച്ച വൃദ്ധൻ നൽകി.




"ഈ ലോക
ത്തിലുള്ള സുഖവും സൗഭാഗ്യങ്ങളും ആസ്വദിച്ചോളൂ.
അപ്പോഴും കൈവശമുള്ള സ്പൂണും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതു തന്നെയാണ് സന്തോഷത്തിന്റെ രഹസ്യം". എന്ന് വൃദ്ധൻ പറഞ്ഞു. അവന്റെ യാത്ര തുടങ്ങി. ആടുകളെ വിറ്റ് കിട്ടിയ കാശ് ആഫ്രിക്കയിൽ വച്ച് മോഷ്ടിക്കപ്പെടുന്നു. താൻ വായിച്ച പുസ്തകങ്ങളിലെ ധീരനായകന്മാരുടെ കഥ അവനു കരുത്തായി. ഒരു സ്ഫടികക്കച്ചവടക്കാരന്റെ കടയിൽ പണിയെടുക്കാൻ തുടങ്ങി. സാന്റിയാഗോവിൻറെ ബുദ്ധിയാൽ ആ വ്യാപാരം അഭിവൃദ്ധി പ്രാപിച്ചു. സാന്റിയാഗോ സ്വരുക്കൂട്ടിയ പണവുമായ് യാത്ര ആരംഭിച്ചു. ആൽക്കെമിസ്റ്റിനെ അന്വേഷിച്ച് ഒരു ഇംഗ്ലീഷ്കാരനും നിധിയന്വേഷിച്ച് സാന്റിയാഗോയും ഈജിപ്റ്റിലേക്ക് യാത്ര തുടർന്നു. മരുഭൂമിയിലൂടെയുള്ള യാത്ര അവന് പുത്തൻ അറിവുകൾ നൽകി.

ആൽക്കെമിയെക്കുറിച്ചുള്ള പുസ്തകങ്ങൾ ഇംഗ്ലീഷ്കാരൻ വായിക്കാൻ നൽകി. ജീവിതകാലമത്രയും പരീക്ഷണശാലയിലിരുന്ന് വിലകുറഞ്ഞ ലോഹങ്ങളെ ശുദ്ധീകരിക്കുന്നവരാണ് ആൽക്കമിസ്റ്റുകൾ. അറബികളുടെ ഇടയിൽ ആൽക്കെമിസ്റ്റിനെ അന്വേഷിച്ചു നടന്നു. അവിടെവച്ച് ഒരു പെൺകുട്ടിയോട് അനുരാഗം തോന്നി.

യുദ്ധംനടക്കുന്നതിനാൽ തുടർയാത്ര അപ്പോൾ അസാധ്യമായിരുന്നു.

"
എന്തെങ്കിലും നേടിയെടുക്കണം എന്ന് ഒരാൾ പൂർണ്ണമനസ്സോടെ ആഗ്രഹിച്ചാൽ ആ ആഗ്രഹം സഫലമാക്കാനായ് ലോകം മുഴുവൻ അവന്റെ സഹായത്തിനെത്തും
– പൗലോ കൊയ്‌ലോ
"



രണ്ടു കഴുകന്മാർ പരസ്പരം ആക്രമിക്കുന്നത് പട്ടാളക്കാരുടെ ആക്രമണത്തെക്കുറിച്ചുള്ള മുന്നറിയിപ്പെന്നു ഗോത്രത്തലവനോട് അവൻ പറഞ്ഞു.അസാധാരണത്വമുള്ള ഒരു മനുഷ്യനെ അവൻ കണ്ടു. അവന് ഉറപ്പായിരുന്നു അതാണ് ആൽക്കെമിസ്റ്റ് എന്ന്. അവൻറെ വെളിപാട് പോലെ സംഭവിച്ചു. ഒരുങ്ങി നിന്നത് കൊണ്ട് ശത്രുക്കളെ കീഴടക്കാനായി. അവനെ ഉപദേഷ്ടാവായി നിയമിച്ചു. "എന്തെങ്കിലും നേടിയെടുക്കണം എന്ന് ഒരാൾ പൂർണ്ണമനസ്സോടെ ആഗ്രഹിച്ചാൽ ആ ആഗ്രഹം സഫലമാക്കാനായ് ലോകം മുഴുവൻ അവൻറെ സഹായത്തിനെത്തും" എന്ന് ആൽക്കെമിസ്റ്റ് പറഞ്ഞു. നിധി കിട്ടാൻ ഇയാൾക്ക് തന്നെ സഹായിക്കാനാകും എന്ന് അവന് തോന്നി. തൻറെ കയ്യിൽസ്ഫടികക്കടയിൽ നിന്ന് ലഭിച്ച പണവും ഗോത്രത്തലവൻ നൽകിയ അൻപതു സ്വർണ്ണനാണയങ്ങൾ വേറെയുണ്ട് എന്നും നാട്ടിൽ ചെന്നാൽ പണക്കാരനായി ഫാത്തിമയുമൊത്ത് കഴിയാമെന്നും അവൻ പറഞ്ഞു. എന്നാൽ ആൽക്കെമിസ്റ്റിൻറെ സാന്നിധ്യം അവൻറെ ലക്ഷ്യത്തെ വീണ്ടും ഉദ്ദീപിപ്പിച്ചു. ഉദ്ദേശിച്ചത് നിറവേറ്റാൻ സാധിച്ചില്ലെങ്കിൽ കാലം നമ്മെ കുറ്റപ്പെടുത്തും എന്ന് ആൽക്കെമിസ്റ്റ് ഓർമ്മിപ്പിച്ചു.ഫാത്തിമയെ പിരിഞ്ഞു പോകുവാൻ അവന് വിഷമമായിരുന്നു."നീ കണ്ടെത്തിയത് സത്യവും ശുദ്ധവും ആണെങ്കിൽ അതിനു നാശമില്ല.

എത്രകാലം കഴിഞ്ഞു തിരിച്ചുചെന്നാലും അത് അതുപോലെ തന്നെ അവിടെയുണ്ടാകും എന്ന് ആൽക്കെമിസ്റ്റ് അവനോട് പറഞ്ഞു. പിരമിഡുകളിലേക്ക് അവർ യാത്ര തുടർന്നു. അവരെ പട്ടാളക്കാർ പിടികൂടി.ആൽക്കെമിസ്റ്റ് പറഞ്ഞു താനൊരു ഊരുചുറ്റിയാണ്. കൂടെയുള്ള ആൾ [സാൻ്റിയാഗോ] ഒരു ആൽക്കെമിസ്റ്റ് ആണെന്നും. അവൻറെ സഞ്ചിയിലെ പണം പട്ടാളത്തലവനു നൽകി രക്ഷപ്പെടാൻ ശ്രമിച്ചു.വേണമെന്ന് വച്ചാൽ ഊക്കനായ കൊടുങ്കാറ്റായി വീശാൻ ആൽക്കെമിസ്റ്റിനാകും എന്ന് അയാൾപറഞ്ഞു. സാൻ്റിയാഗോയ്ക്ക് മൂന്നു ദിവസം സമയം പട്ടാളക്കാർ കാറ്റായ്





TDHS THURAVOOR
നിറം 2k24 THE DIGITAL MAGAZINE

വീശാൻ നൽകി.
"മരണവുമായി മുഖാമുഖം നിൽക്കുമ്പോഴാണ് ഒരുവനിൽ ആത്മബോധം ഉണ്ടാകുക. പ്രകൃതിയുടെ ചൈതന്യത്താൽ അവൻ കാറ്റായി വീശി.പട്ടാളക്കാർ അവരെ വിട്ടയച്ചു.ആൽക്കെമിസ്റ്റ് ഒരു സന്ന്യാസാശ്രമത്തിൽ അവനെ കൊണ്ടുപോയി.ലോഹത്തെ സ്വർണ്ണമാക്കി കാണിച്ചു. സ്വർണ്ണം പങ്കുവച്ചു.
പിന്നീടവൻ തനിയെ യാത്ര ചെയ്തു.തന്റെ ജീവിതത്തിൽ സംഭവിച്ചതിനെല്ലാം ദൈവത്തോട് നന്ദി പറഞ്ഞു.പിരമിഡിനരികെ കുഴിക്കാൻ തുടങ്ങി.ഫലമുണ്ടായില്ല. കുറെ അറബികൾ അവനെ പ്രഹരിച്ചു.രണ്ടു തവണ ഒരേ സ്വപ്നം കണ്ടതുകൊണ്ടാണ് താൻ നിധി തേടി വന്നതെന്ന് പറഞ്ഞു.അവൻറെ കയ്യിലുള്ള സ്വർണ്ണം മുഴുവൻ അവരെടുത്തു.നേതാവ് പോകും മുൻപ് പറഞ്ഞു.ഞാനും ഇതേപോലൊരു സ്വപ്നം കണ്ടു. സ്പെയിനിൽ ഇടിഞ്ഞുപൊളിഞ്ഞ പഴയപള്ളിയുണ്ട്. ഇടയന്മാർ അന്തിയുറങ്ങുന്ന സ്ഥലം. അവിടെ സക്രാരിയുടെ സ്ഥാനത്ത് സൈക്കമോർ മരമുണ്ട്. അതിന്റെ അടിയിൽ കുഴിച്ചാൽ നിധി കിട്ടുമെന്ന്...
ഞാനൊരു വിഡ്ഢിയല്ലാത്തതിനാൽ പോയില്ല...
എന്ന് പറഞ്ഞ് നടന്നകന്നു.
അവൻറെ മനസ്സിൽ നിറഞ്ഞ സന്തോഷം. അവൻ തിരിച്ചെത്തി. സ്വന്തം ദൗത്യത്തെക്കുറിച്ച് ബോധമുള്ളവർക്ക് മുന്നിൽ ജീവിതം ഉദാരമാകുമെന്ന് അവനറിഞ്ഞു. വിലയേറിയ നിധിക്ക് അവൻ അവകാശിയായി.

തന്റെ സ്വപ്നങ്ങൾ മുറുകെപിടിച്ച് നിമിത്തങ്ങളിൽ വിശ്വസിച്ചു മുന്നേറിയ ഇടയബാലൻ സ്വപ്നം സാക്ഷാത്ക്കരിക്കുന്നു. ഈ കഥ വായനക്കാരിൽ സ്വപ്ന സാക്ഷാത്ക്കാരത്തിനായി മുന്നേറാനുള്ള ആത്മവിശ്വാസത്തിൻ്റെ പുതിയ നാമ്പുകൾക്ക് ഉണർവ്വേകുന്നു.



# How to Win Friends and Influence People


Book Review
**Emmanuel Raphel Mathew**

Dale Carnegie's "How to Win Friends and Influence People" isn't just a book; it's a life-changing guide that unlocks the secrets to mastering social interactions and becoming a true influencer. Picture this: You're at a party, and instead of feeling awkward or unsure, you confidently engage in conversations that leave people feeling valued and understood. That's the power of Carnegie's timeless wisdom



**Dale Carnegie**

Through captivating stories and practical advice, Carnegie teaches us the art of making lasting connections and winning people over with sincerity and empathy. From the importance of a warm smile to the magic of remembering someone's name, his insights are refreshingly simple. yet profoundly effective





But Carnegie goes beyond just teaching us how to be likable; he also reveals the keys to influencing others in a positive and ethical way
By understanding people's motivations and desires, we can inspire them to take action and achieve their goals, all while .building trust and respect

What makes "How to Win Friends and Influence People" so compelling is its universal appeal. Whether you're a student navigating the complexities of social life or a professional aiming to climb the corporate ladder, Carnegie's principles .apply to everyone

In today's fast-paced world, where technology often replaces face-to-face interaction, Carnegie's book serves as a timely reminder of the enduring power of human connection. It's about more than just networking or making small talk; it's about genuinely caring for others and building meaningful relationships .that enrich our lives

So, if you're ready to unlock your full potential and become a master of influence in your own life, don't hesitate to pick up a copy of "How to Win Friends and Influence People." Trust me, you'll be glad you did it



# ലഹരി വസ്തുക്കളുടെ അമിത ഉപയോഗം

ഉപന്യാസം
ദേവനന്ദന ഗിരീഷ്



നമുക്കറിയാമല്ലോ മാനവസമൂഹത്തെ തന്നെ നശിപ്പിക്കുന്ന ഒരു വസ്തുവാണ് ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം. നമ്മുടെ ജീവന് തന്നെ ആപത്താണ്. അത് ഉപയോഗിക്കുന്നതിലൂടെ നമ്മൾ തന്നെയാണ് ഇല്ലാതാക്കുന്നത്.

ദുരാചാരങ്ങളുടെയും കൊലപാതകങ്ങളുടെയും സമൂഹത്തി ലാണ് നാം ഇപ്പോൾ ജീവിക്കുന്നത്.

പ്രതിദിനം നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന ഖേദകരമായ വാർത്തകളിൽ അതീവ ചിന്ത അർഹിക്കുന്ന ഒന്നാണ് ലഹരി വസ്തുക്ക ളുടെ ഉപയോഗം.

ഇന്നത്തെ കാലത്ത് മനുഷ്യർ ജീവിക്കുന്നത് വളരെ പ്രയാസപ്പെട്ടാണ്. ധാരാളം രോഗങ്ങൾ മൂലം മനുഷ്യർ വളരെയധികം കഷ്ടപ്പെടുകയാണ്. പണ്ടത്തെ കാലത്ത് അപേക്ഷിച്ചു ഇപ്പോഴാണ് രോഗങ്ങൾ കൂടുതലായി കാണപ്പെടുന്നത്. അതിൽ കൂടുതലും സാംക്രമിക രോഗങ്ങളാണ്. അവയിൽ ജീവിതശൈലി രോഗങ്ങൾ അധികമായി കാണുന്നത് അതിന്റെ കാരണമെന്താണ്?

പണ്ടത്തെ കാലത്ത് മദ്യപാനമായിരുന്നു പ്രധാന വിഷയം. എന്നാൽ ഇപ്പോൾ അതിനുപകരം മഹാരോഗങ്ങൾക്ക് കാരണമാകുന്നത് തുടങ്ങിയവയാണ് പുതിയ ലഹരി വസ്തുക്കൾ. കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇങ്ങനെയുള്ള പദാർത്ഥങ്ങൾ ഉപയോഗിക്കുന്നു. ഇത് വളരെ ദുഃഖകരമായ ഒരു വിഷയം തന്നെയാണ്.

ഇങ്ങനെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം എങ്ങനെയാണ് കൂടുന്നത്? ഈ പദാർത്ഥങ്ങളുടെ രുചി അറിഞ്ഞതിനുശേഷം അവർ അതിലേക്ക് ആകർഷി ക്കുന്നു പിന്നെ അതിൻറെ അടിമയായി മാറുന്നു,ചിലആൾക്കാർ

സുഹൃത്തുക്ക ളുടെ പ്രേരണ മൂലം ഉപയോഗിക്കുന്നു ചിലർ കുടുംബപ്രശ്നങ്ങൾ മൂലം അതിനടിമയാകുന്നു കുട്ടികൾ ഇതിന്റെ പുറകെ പോകുവാൻ കാരണം പഠനപുരോഗതിയുടെ അഭാവമാണ്. ചിലർ പണവും കിട്ടുവാനായി മാരകപദാർത്ഥങ്ങൾ വിൽക്കുന്നു.
ഈ കാലത്ത് കണ്ടുവരുന്ന പ്രതിഭാസമാണ് ലഹരി വസ്തുക്കൾ മിഠായിയുടെയും ബാൻ ഡേജിൽ കൂടെയുമൊക്കെ കാണുന്നു. അത് കഴിക്കുന്ന കുട്ടികൾ അതിനടിമപ്പെടുന്നു അതുമൂലം ധാരാളം കുറ്റകൃത്യങ്ങൾ ചെയ്തുകൊടുക്കുന്നു.

നമ്മൾ എന്താണ് ചെയ്യേണ്ടത്? അതിനുവേണ്ടി നമ്മൾ പലതരം വർണ്ണക്കടലാസുകളിൽ പൊതിഞ്ഞ മിഠായി കുട്ടികൾക്ക് വാങ്ങിക്കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുക. കുട്ടി കളുടെയും മുതിർന്നവരുടെയും ലഹരി വസ്തുക്കളുടെ ഉപയോഗം മൂർച്ഛിച്ചാൽ നമ്മൾ ബാലാവകാശ കമ്മീഷനിൽ പരാതി കാണിച്ചാൽ അവർ ഒരു പരിധിവരെ അതിനെ നിയന്ത്രിക്കും. ദൂരീകരിക്കാൻ വേണ്ടി വിമുക്തി എന്ന മൊബൈൽ ആപ്പ് കേരള സർ ക്കാർ ഉണ്ടാക്കി. നമ്മൾ ഈ കാര്യങ്ങളൊക്കെ പാലിച്ച ലഹരി വിമുക്ത കേരളത്തിനായി പ്രയത്നിക്കാം നമ്മുടെ ജീവന് തന്നെ ആപത്തായ ഈ വിപത്തിനെ നമുക്ക്
ഒത്തൊരുമിച്ച് ഓടിക്കാം.

# കാത്തിരിപ്പ്

കവിത
രാജശ്രീ

കാത്തിരിപ്പിന്റെ മടിത്തട്ടിൽ കിടന്നുകൊണ്ടോരോ
നിമിഷങ്ങൾ പോയതറിഞ്ഞില്ല......

നിമിഷങ്ങൾ, പകലുകൾ, രാത്രികൾ, വർഷങ്ങൾ
സൂര്യനുദിച്ചതും ചന്ദ്രൻ മറഞ്ഞതും......


അറിയാതവൾ മൂകയായിരിക്കും സദാ തന്റെ
ദേശസ്നേഹിയായ പതി എന്നു
വരുമെന്നറിയാരിപ്പവൾ......

മഞ്ഞുവീണതറിഞ്ഞില്ല, വെയിൽ വന്നു
പോയതറിഞ്ഞില്ല, കാത്തിരിക്കുന്നവൾ
സൂര്യനെക്കാത്തിരിക്കും
ചന്ദ്രനെ പോലെ മിഴികളിൽ മിഴി വന്നു പതിക്കാൻ
കരതലങ്ങൾ കൂട്ടിയിണങ്ങാൻ.....

ഒരു നിമിഷത്തിനായ് കാത്തിരിക്കുന്നവൾ......
തിരിച്ചു വരുമെന്നുറപ്പില്ലെങ്കിലും പ്രിയതമനെ
കാണാൻ വെമ്പലോടവളിരിപ്പൂ

ഒരു കുഞ്ഞിക്കാലു കാണുവാനായ്
അവളുടെ മാതൃ ഹൃദയം പിടയ്ക്കുന്നു...






# ചാറ്റ് ജിപിടി

ലേഖനം
**ജ്ഞാനശ്രീ പി. പ്രഭ**

"Chat GPT is a large language model created by 'Open ai', on GPT 3.5 architecture, capable of generating natural language responses to a wide range of prompts and questions"

എന്താണ് ചാറ്റ് ജിപിടി എന്ന ചോദ്യത്തിന് ചാറ്റ് ജിപിടി തന്ന മറുപടിയാണിത്. അതായിത് പഠിയ്ക്കാൻ പഠിച്ച ഒരു കംപ്യൂട്ടർ അതാണ് ചാറ്റ് ജിപിടി.


മനുഷ്യനെപ്പോടെ ചിന്തിച്ച്, പഠിച്ച് നമ്മുടെ ചോദ്യങ്ങൾക്കോ പ്രശ്നങ്ങൾക്കോ
മറുപടി പറയാൻ ചാറ്റ് ജിപിടിക്ക് കഴിയും. താൻ പരിശീലിപ്പിക്കപ്പെട്ട വിജ്ഞാന ശേഖരത്തിൽ നിന്ന് നമ്മുടെ ചോദ്യത്തിന് ഒരു വാചകത്തിൽ അല്ലെങ്കിൽ ഖണ്ഡികയിൽ
ഈ സംവിധാനം മറുപടി തരുന്നു.

ആവശ്യമെങ്കിൽ കൊടുക്കുന്ന വിഷയത്തിൽ കഥയോ, കവിതയോ, പ്രബന്ധമോ നിങ്ങളുടെ പേരിൽ ഒരു പുസ്തകം തന്നെയും തയ്യാറാക്കും ഇവൻ. ഇതിനൊക്കെ താരതമ്യേന വളരെ ചുരുങ്ങിയ സമയം മതി താനും. എന്നാൽ എങ്ങനെയാണ് ചാറ്റ് ജിപിടി ക്ക് ഇത്തരത്തിൽ ഭാഷകൊണ്ട് ഇന്ദ്രജാലം കാട്ടാനാവുന്നത് ? ജി പി ടി എന്നത് ജനറേറ്റിവ് പ്രീ- ട്രെയിൻഡ് ട്രാൻസ്ഫോമർ എന്നതിന്റെ ചുരുക്കെഴുത്താണ്. പേരിലെ പ്രീ-ട്രെയിനിംഗ് എന്ന വാക്ക് വലിയ അളവിലുള്ള ഡാറ്റ ഉപയോഗിച്ചുള്ള പരിശീലനത്തെയാണ് സൂചിപ്പിക്കുന്നത്. ഇന്ന് പ്രചാരത്തിലുള്ള ചാറ്റ് ജിപിടി മൂന്നിന് ഏതാണ്ട് 30,000 കോടി വാക്കുകൾ ഉപയോഗിച്ചാണ് പരിശീലനം നൽകിയിരിക്കുന്നത് .

'ട്രാൻസ്ഫോമർ' എന്ന ഭാഷാമോഡലാണ് ഇതിന് പ്രയോജനപ്പെടുത്തിയത്.

നമ്മൾ ചോദിയ്ക്കുന്ന ചോദ്യത്തിന് ഏതാണ്ട് അതേ മനോഭാവത്തിൽ മറുപടി നൽകാൻ സഹായിക്കുന്നത് ഈ വിദ്യയാണ്.

ഇന്റർനെറ്റിൽ പബ്ലിക്ക് ഡൊമെയ്നായി നൽകിയിട്ടുള്ള വിവരങ്ങളാണ് പരിശീലനത്തിന് ഉപയോഗിച്ചത്.



> ചാറ്റ് ജിപിടിയിലെ ജി പി ടി എന്നത് ജനറേറ്റിവ് പ്രീ-ട്രെയിൻഡ് ട്രാൻസ്ഫോമർ എന്നതിന്റെ ചുരുക്കെഴുത്താണ്.



ഇത് ഏകദേശം 570 GB വരും.
മേൽപറഞ്ഞതു പോലെ ചാറ്റ് ജിപിടി- 3 ആണ് പൊതുജനം ഇന്ന് ഉപയോഗിയ്ക്കുന്നത്. ഇതിന് മുൻപ് 2018ൽ ഓപ്പൺ എ ഐ കമ്പനി ആദ്യ തലമുറയിൽപ്പെട്ട ജി പി ടി അവതരിപ്പിച്ചിരുന്നു. ഇന്റർനെറ്റിലെ 11,000 പുസ്തകങ്ങളിലെ വിവരങ്ങൾ ഉൾക്കൊള്ളുന്ന 'ബുക്ക് കോർപ്പസ് ' എന്ന ഡാറ്റാസെറ്റ് ഉപയോഗിച്ചാണ് ചാറ്റ് ജി പി ടി ഒന്നിനെ പരിശീലിപ്പിച്ചത്. വെർഷൻ മൂന്നിനോടൊപ്പം എത്താനാവില്ലെങ്കിലും ചാറ്റ് ജിപിടി രണ്ടിന് ഏതാണ്ട് മനുഷ്യനെപ്പോലെ പ്രതികരിയ്ക്കാൻ കഴിയുമായിരുന്നു. പക്ഷെ ഉത്തരങ്ങളിലെ കൃത്യതയില്ലായ്മയും മറ്റും ചൂണ്ടിക്കാട്ടി ഇത് എല്ലാവർക്കും ലഭ്യമാക്കി യിരുന്നില്ല. ഏതാണ്ട് 80 ലക്ഷം വെബ് പേജുകളാൽ പരിശീലിപ്പിക്കപ്പെട്ട ചാറ്റ് ജിപിടി രണ്ടിന്റെ പോരായ്മകൾ പരമാവധി പരിഹരിച്ചാണ് അതിന്റെ മൂന്നാം വെർഷൻ തയ്യാറാക്കിയത്. ' ഇതുക്കും മേലെയാണ് ' ചാറ്റ് ജിപിടി നാല്. ഇക്കഴിഞ്ഞ മാർച്ചു മാസം പുറത്തിറങ്ങിയ ഇതിന് ചിത്രങ്ങളും വിശകലനം ചെയ്യാനാകും. എങ്കിലും നിശ്ചിതതുക അടച്ചവർക്കു മാത്രമാണ് നിലവിൽ ഇത് ഉപയോഗിക്കാനാവുക.

ഇത്രയും കേമനാണെങ്കിലും ചാറ്റ് ജിപിടി മൂന്നിനും പരിമിതികളുണ്ട്. വെബ് പേജിന്റെ മുന്നിൽ തന്നെ ഇത് പ്രദർശ്ശിപ്പിച്ചിട്ടുമുണ്ട്. അതായിത് 2021ന് ശേഷമുള്ള സംഭവങ്ങളെക്കുറിച്ച് ആൾ പഠിച്ചുവരുന്നതേയുള്ളൂ, ആശാന്റെ മലയാളവും മെച്ചപ്പെടാനുണ്ട്. പക്ഷെ എന്നും പഠിയ്ക്കുന്ന ഒന്നും മറക്കാത്ത കംപ്യൂട്ടർ നിസ്സാരക്കാരനല്ല. ചരിത്രം തിരുത്തുന്ന കണ്ടെത്തലുകൾ 'On the way' ആണ്. ദൈനംദിന ജീവിതത്തിൽ ഈ സാങ്കേതിക വിദ്യ കൊണ്ടു വരിക വിപ്ലവങ്ങളാവും. അതായിത് വണ്ടിയോടിക്കാൻ വണ്ടിതന്നെ പഠിച്ചെന്നിരിയ്ക്കും. മനുഷ്യന്റെ ഓരോ കഴിവും ഇന്ന് നാം തന്നെ യന്ത്രങ്ങൾക്ക് നൽകുന്നു. അനന്തവും കൗതുകകരവുമായ കൃത്യമ ബുദ്ധിയുടെ സാധ്യതകളെപ്പറ്റി ഓർത്ത് ലോകം പുളകം കൊള്ളുന്നു. അപ്പൊഴും നാം നിയന്ത്രിക്കുന്നുവെന്ന് വിശ്വസിപ്പിച്ച് നമ്മെ നിയന്ത്രയ്ക്കുന്ന യന്ത്രങ്ങളെപ്പറ്റി ആശങ്കപ്പെടുന്ന വിദഗ്ദരുമുണ്ട്. കാത്തിരുന്ന് കാണാം... പക്ഷെ കാത്തിരുപ്പ് വളരെ നീളില്ല... എ. ഐ സൂപ്പർ ഫാസ്റ്റാണ്...

**'Just wait and see'.**



കഥ
ലക്ഷ്മി സുനിൽകുമാർ

# തലമുറയ്ക്കായി നല്ല വാക്കുകൾ

**ന**ല്ല തണുത്ത രാവിലെ മീര എഴുന്നേറ്റു. സ്വപ്നംകണ്ട് ഞെട്ടിയാണുണർന്നത്. അടുക്കളയിൽ പ്രഭാത ഭക്ഷണം ഉണ്ടാക്കുകയായിരുന്നു അമ്മ. ശബ്ദം കേട്ട് എന്തുപ്പറ്റിയെ ന്ന് അമ്മ ചോദിച്ചു. അമ്മ മീരയുടെ നെറ്റിയിൽ തൊട്ടു നോക്കി

"അയ്യോ! പനി ഉണ്ടല്ലോ"

" സ്വപ്നം കണ്ടു പേടിച്ചിട്ടാ.

അമ്മാ ഞാൻ ഒരു കാട്ടിൽ പോയി നിന്നപ്പോൾ ഒരു പുലി വന്നു എന്റെ ഒരു കൈ പറിച്ചു.

അപ്പോഴാണ് ഞാൻ ഞെട്ടി ഉണർന്നത്."

"പോട്ടെ മോളെ ഞാൻ ഒരു കാര്യം പറഞ്ഞിട്ടില്ലേ രാത്രി ഉറങ്ങുമ്പോൾ പ്രാർത്ഥിച്ചിട്ട് കിടക്കണമെന്ന്,

സത്യം പറഞ്ഞാൽ മോളൊക്കെ എന്തു ഭാഗ്യവതിയാ പക്ഷെ എൻറെ കുട്ടിക്കാലം എനിക്ക് ഓർക്കാൻ തന്നെ വെറുപ്പാണ് ഇതുപോലെയൊരു തണുത്ത ദിവസം, എന്റെ വീട് കാടിനടുത്താണെന്ന് മോൾക്ക് അറിയാമല്ലോ...

എനിക്ക് തണുപ്പോ ചൂടോ ഒന്നും പ്രശ്നമല്ല. ഞാൻ രാവിലെ എഴുന്നേറ്റ് കാട്ടിലൂടെ നടന്നാലേ ഉച്ചയാകുമ്പോൾ

പച്ചക്കറിക്കടയിൽ

ഒക്കെ എത്തൂ...



ഞാനും നിന്റെ അമ്മൂമ്മയുടെ കൂടെ

പോകുമായിരുന്നു.

വേണ്ട ഞാനിപ്പോൾ പറയുന്നില്ല നമു ക്ക് ആശുപത്രിയിൽ പോയി മരുന്നുവാ ങ്ങി വന്നുകഴിഞ്ഞു അമ്മ പറഞ്ഞു തരാം"

" മോളെ നീ എന്തെടുക്കുവാ?"

"ഒന്നുമില്ല അമ്മ പറഞ്ഞ കഥ മുഴുവനായില്ലല്ലോ?"

"അങ്ങനെ പറയാൻ ആയിട്ട് ഒന്നുമില്ല. ഞങ്ങൾ കടയിൽ പോയി തിരിച്ചുവരു മ്പോഴായിരുന്നു വീടിനു ചുറ്റും ഒരാൾ ക്കൂട്ടം.

> ബാല്യകാല ഓർമ്മകളാണ് പിന്നീടുള്ള നമ്മുടെ ജീവിതത്തിൽ നമ്മുടെ ദുഃഖങ്ങളും വരുമ്പോൾ താങ്ങാവുന്നത്. എന്നെപ്പോലുള്ളവർ ദുഃഖം വന്നാൽ അതിന് അടിമപ്പെട്ടേക്കും.

അന്നാണ് നിന്റെ മുത്തശ്ശൻ ഈ ഭൂമിയിൽ നിന്നും വിട പറഞ്ഞത്. അതിനുശേഷം ഞാനും എന്റെ അമ്മ യും ദാരിദ്ര്യത്തിന്റെ പടികൾ ചവിട്ടിയാണ് ജീവിച്ചത്,

ഞാൻ പറയുന്നത് വേറൊന്നും കൊണ്ടല്ല മോളെ ബാല്യകാല ഓർമ്മകളാണ് പിന്നീടുള്ള നമ്മുടെ ജീവിതത്തിൽ നമ്മുടെ ദുഃഖങ്ങളും വരുമ്പോഴൊക്കെ പിടി ച്ചുനിൽക്കാൻ. എന്നെപ്പോലുള്ളവർ ദുഃഖം വന്നാൽ അതിന് അടിമപ്പെട്ടേക്കും. പിൽക്കാലത്ത് കുറച്ചു ചിന്തിക്കുമ്പോഴും ദുഃഖം. മോളേ പോലുള്ള കുട്ടികൾ എന്തു ഭാഗ്യവാന്മാരാണ് നി ങ്ങളുടെ ബാല്യകാല

അതുകൊണ്ട് പറയുവാണ് മോളെ എനിക്കൊക്കെ പഴയകാലം ഓ ർമ്മിക്കുമ്പോൾ മനസ്സിൽ മുറിവേൽക്കു ന്നുണ്ട്. എന്റെ മോൾ നല്ല കാര്യങ്ങൾ മാത്രം കണ്ട് ചീത്തകാര്യങ്ങളെ മറക്കുക. അങ്ങനെയാണെങ്കിൽ നമ്മളെതേടി സന്തോഷത്തിന്റെ അടിത്തറ കിട്ടിയ ഓർമ്മകളെ ഉണ്ടാകും. എൻറെ മോളുടെ സന്തോഷമാണ് എൻറെയും" അമ്മയുടെ വാക്കുകൾ മീരയെ ചിന്തിപ്പിച്ചു അങ്ങനെ ആ ദിവസം കടന്നുപോയി.



# അങ്ങനെ ഒരു ഓണക്കാലം

ഓർമ്മക്കുറിപ്പ്

ശ്രീലക്ഷ്മി.കെ.ആർ


എന്റെ ജീവിതത്തിൽ ഏറ്റവും മറക്കാൻ പറ്റാത്തതും എന്റെ മനസ്സിൽ നല്ലൊരു ഓർമ്മയെ പതിഞ്ഞു കിടക്കുന്ന ഒരു ഓണക്കാലം. എന്റെ മനസ്സിലേക്ക് ഓടിയെത്തുകയാണ് എൻറെ വീട്ടിൽ തന്നെ, എന്റെ പുതിയ വീടിൻറെ പുരവാസ്ഥൂലി കഴിഞ്ഞ ആദ്യത്തെ ഓണം ആയിരുന്നു അന്ന്.

ഓണത്തിന്റെ തലേദിവസം തന്നെ എന്റെ കുടുംബക്കാർ എല്ലാവരും വന്നു. ഒന്നാം ഓണത്തിന് ഞങ്ങൾ എല്ലാവരും ചേർന്ന് രാവിലെ എണീറ്റ് കുളിച്ച് കുടുംബക്ഷേത്രത്തിലും തുറവൂർ അമ്പലത്തിലും പോയി .തൊഴുത് മുല്ലപ്പൂവും ചൂടി തുളസി കതിർ വെച്ച് അമ്പലത്തിൽ പോയി തിരികെ വന്നു. പിന്നെ എല്ലാവരും ചേർന്ന് പൂക്കൾ പറിച്ചു പൂക്കളം ഇടാൻ തുടങ്ങി. അമ്മമാർ എല്ലാവരും ചേർന്ന് അടുക്കളയിൽ ചെന്ന് രാവിലെ കാപ്പി ഉണ്ടാക്കാൻ തുടങ്ങി. ഞങ്ങൾ കുട്ടികൾ മാങ്ങ പെറുക്കാൻ പോയി. എല്ലാരും കൂടി മാങ്ങ ചെത്തി പുള്ളി ഉപ്പും മുളകും കൂട്ടി കഴിച്ചു. പിന്നീട് പറമ്പിലൊക്കെ നടന്നു കളിച്ചു.




വീട്ടിൽ വന്നപ്പോൾ സദ്യ റെഡിയായിരുന്നു. ചിപ്സും ശർക്കരയും വെച്ചു. അങ്ങനെ എല്ലാ കറികളും വന്നു. ചൂട് ചോറിലേക്ക് പരിപ്പും നെയ്യും, പിന്നെ സാമ്പാറും ഒഴിച്ച് ആ ചൂട് ചോറും തൊടുകറിയും എല്ലാം കുഴച്ചപ്പോൾ കിട്ടുന്ന ആ സുഖം അതുമതി ആ ഓണം മനോഹരമാക്കാൻ. സദ്യ കഴിച്ച കഴിഞ്ഞാണ് പിന്നെ പായസം. അട പ്രഥമൻ ഇലയിലേക്ക് ചൂടോടെ ഒഴിച്ച് പപ്പടവും പഴവും കൂട്ടി ഉടച്ച് തിരുമ്മി കഴിക്കുമ്പോഴാണ് ആ ഓണം പൂർണ്ണം ആകുന്നത്. അതുപോലെ തന്നെയാണ് എല്ലാ ഓണവും അത്തം പത്ത് ഓണം കൊണ്ടാടുന്നത് ഇതാണ് എന്റെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ഓണം.

# सपनें



आते ही माँ के हाथ में।
फिर माँ के गोद में।।
आगे बच्चों के साथ में।
स्वर्णकाल है बाल्यकाल।।

पहले तो कुछ काम नहीं।
सिर्फ खाना और सोना।।
फिर है पढ़ना, लिखना।
करते कुछ तो नहीं सही।।


कल के युवक, आज के बालक।
सपने देखते, डॉक्टर बनेगा।।
फिर कहते बनेगा शिक्षक।
रिश्तेदार पूछे क्या बनेगा?।।

सपना है न एक देखो!
आगे बढ़ो उसकेलिए।।
करो जन की सच्ची सेवा।
जैसे भूमी करे हमारी सेवा।।

हिम्मत है तो बनो सैनिक।
करो देश की रक्षा।।
जीवन के रास्ते में मरना पडता है।
एक दिन वह हो जाएगा।

- पवित्रा · आर · कम्मत्त





Wandering in

# VAGAMAN

Travelogue

**Harigovind. S**

I woke up at 4:30 am and go to do my daily morning duties. At 5:00 AM I went to bus stop
Near my house and to tuition centre. There Was all my friends. I get into the Bus and wait for my friend he is late We wait him for half an hour and he came. We kicked off our journey to Vagamon. After an hour we get tomb of Alphonsa then had our breakfast, after we went through some
mountains to Thangal Para we climbed it to see that round rock in the back side of the rock a worship place for muslims and we get lunch near a strange house. Then went to see an artificial Lake, for a boating. There was so many lotus. There a one tree in Small mountain. We enjoyed there at evening we get back to our home this was a beautiful journey I wont forget this journey.

എന്റെ

# അച്ഛനും അമ്മയും....

അനുഭവക്കുറിപ്പ്
ശിവന്യ ബി

**എ**ന്റെ ജീവിതത്തിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ട രണ്ട് പേരാണ് എന്റെ അച്ഛനും അമ്മയും. അവരെ വേദനിപ്പിക്കുന്ന ഒരു കാര്യവും ഞാൻ ഇതുവരെ ചെയ്തിട്ടില്ല. അവരുടെ ആഗ്രഹങ്ങൾ കഴിയുന്നത്ര ഞാൻ സാധിച്ചു കൊടുക്കും. ഒരോ മാതാപിതാക്കളുടേയും സ്വപ്നം അവരുടെ മക്കളാണ്. അത് ആരും എവിടേയും പറയും. എന്റെ അച്ഛനേയും അമ്മയേയും ഞാൻ വേദനിപ്പിക്കില്ല. ഞാൻ കാരണം അവരുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണീർ പോലും വീഴാൻ ഞാൻ അനുവദിക്കില്ല.

ആദ്യം ഞാൻ പഠിക്കും. പഠിച്ച് നല്ലൊരു ജോലി വാങ്ങും. എന്റെ ആഗ്രഹം ഒരു ടീച്ചറാകാനാണ്. എന്റെ അച്ഛനും അമ്മയ്ക്കും അതുതന്നെയാണ് ആഗ്രഹം. എന്റെ അച്ഛനും അമ്മയ്ക്കും പ്രായമായിക്കഴിയുമ്പോൾ ഒരു കോടി സ്നേഹം നൽകി ഞാന വരെ കൈപിടിച്ചുയർത്തും. ഈ ലോകത്ത് ഞാൻ എന്നെ സ്നേഹിക്കുന്നതിനേക്കാൾ ഇരട്ടി സ്നേഹം കൊടുത്ത് അവരെ പൊന്നുപോലെ നോക്കും. ജീവിതത്തിൽ എനിക്ക് എന്ത് സംഭവിച്ചാലും എന്ത് വേണമെന്നു തോന്നിയാലും ആദ്യം പറയുന്നത് എന്റെ മാതാപിതാക്കളോടാണ്. ഞാനൊരു പെൺകുട്ടിയാണ്. എന്റെ ആവശ്യങ്ങൾ ഏറ്റവും കൂടുതൽ അറിയാവുന്നത് എന്റെ അമ്മയ്ക്കാണ്. പത്ത് മാസം വയറ്റിൽ ചുമന്ന് വലുതാകിയ അമ്മയെ ഞാനെങ്ങനെയാണ് വേദനിപ്പിക്കുക. പിന്നെ അച്ഛൻ, ഞാൻ എന്തു പറഞ്ഞാലും നിമിഷങ്ങൾക്കകം വാങ്ങിത്തരുന്ന അച്ഛൻ. എന്റെ മനസ്സു വേദനിച്ചാൽ ആദ്യമറിയുന്നത് അച്ഛനാണ്. ആ അച്ഛനെ ഞാൻ എങ്ങനെ വേദനിപ്പിക്കും. എന്റെ ജീവിതത്തിലെ ഗുരുക്കൾ അമ്മയും അച്ഛനുമാണ്. അവരുടെ അടുത്ത് കുസൃതികൾ കാണിക്കുമെങ്കിലും അധികം ഉപദ്രവിച്ചിട്ടില്ല. അവർ എന്നെ സ്നേഹിക്കുന്നതിനേക്കാൾ ഇരട്ടി സ്നേഹം ഞാൻ അവർക്കു നൽകും. പെൺകുട്ടി കൾക്ക് പൊതുവേ അച്ഛനെയായിരിക്കും കൂടുതൽ ഇഷ്ടം. അച്ഛനുമമ്മയുമില്ലാതെ അനാഥാലയത്തിൽ കഴിയുന്ന കോടിക്കണക്കിനു കുട്ടികളില്ലേ ഇവിടെ? അവരെ പ്പറ്റി ആലോചിക്കുമ്പോൾ മനസ്സു വേദനിക്കുന്നു. ജീവിതത്തിലെ പ്രധാന പങ്ക് വഹിക്കുന്ന രണ്ടു പേരാണ് അച്ഛനും അമ്മയും. അമ്മയാണ് ആദ്യമായി അച്ഛാ.......യെന്ന് വിളിക്കാൻ പഠിപ്പിച്ചത്. ഇവർ ഇല്ലാത്ത ഒരു നിമിഷം പോലും ചിന്തിക്കാൻ കഴിയുന്നില്ല. അമ്മാ, അച്ഛാ, ജീവിതത്തിൽ നിങ്ങളില്ലാതെ ഞാനില്ല.



# भारत यात्र

मैं यात्रा करना चाहती हूँ
पूरे भारत में ॥
मैं यात्रा करना चाहती हूँ
हमारे राष्ट्र भारत में ॥


भारत के चिड़ियों का ।
आवाज़ सुनते ही ॥
भारत के नदियों का ।
पानी पीते ही ॥

चमक - चमकते तारें हैं ।
हमारे भारत में ॥
कोयल की गानों से उड़ते हैं ।
हम भारतवासी ॥

महीने की खून है ।
हमारे नाजों में ॥
पुण्य पवित्र सृष्टियाँ हैं ।
हमारे भारत में

मैं यात्रा करना चाहती हूँ ।
यही पुण्य भूमी में ॥
मैं यात्रा करना चाहती हूँ ।
यही सुन्दर भारत में ॥


- सुकृता . एस . पै



## കൃഷിയെ സ്നേഹിച്ച

# കർഷകൻ

കഥ
ശ്രീവർ എസ്സ് ശർമ്മ



**കു**ട്ടനാട്ടിൽ സ്വർണ്ണമാലകളായ വയലുകൾക്കിടയിൽ ഒരു കൊച്ചു വീട്. ആ വീട്ടിൽ മൂന്ന് അംഗങ്ങൾ. ഗൃഹനാഥൻ, മകൾ, തങ്ങളുടെ ജീവൻറെ തുടിപ്പായ വയലുകൾ കൃഷിയായിരുന്നു അവരുടെ ഏക വരുമാനം കൃഷിയെ അവർ ജീവന് തുല്യം സ്നേഹിച്ചു.

അങ്ങനെ ഒരു ദിവസം അവരുടെ സുഹൃത്തായ ഭാർഗവൻ എന്ന് വിളിച്ചു
" ഇട്ടിച്ചോ..... ഇട്ടിച്ചോ....നിങ്ങൾ എവിടാ പോയത് "
"എന്താടോ ഭാർഗവാ "
വീടിൻറെ അകത്ത് നിന്നും മറുപടി
"ഇട്ടിച്ചാ നമ്മുടെ വയലുകൾ ഒക്കെ നികത്താൻ ആരൊക്കെയോ വന്നു "
"എൻറെ കർത്താവേ എന്തിനാ അവർ നമ്മുടെ കൃഷി നികത്താൻ പോകുന്നത് ?!!"
"എനിക്കറിയില്ല എന്തോ വികസനമാണെന്ന് പറഞ്ഞത്, ഞാൻ ഇറങ്ങുവാ"

ഭാർഗവൻ പോയിക്കഴിഞ്ഞ് അല്പം നേരം കഴിഞ്ഞ് രണ്ട് ഉദ്യോഗസ്ഥന്മാർ ഇട്ടിച്ചന്റെ വീടിനുമുന്നിൽ വന്നു. അവരെ നേരത്തെ പ്രതീക്ഷിച്ചതുപോലെ ഇടിച്ചന്റെ വീടിൻറെ മുൻപിൽ ഇറങ്ങിവന്നു.
"ഈ വയലുകൾ ഒക്കെ നിങ്ങളുടെ ആണോ?,
ഞങ്ങൾ ഇതൊക്കെ നികത്താൻ വന്നതാണ്.
ഇത് നികത്തി ഇവിടെ ഒരു ഷോപ്പിംഗ് മോൾ പണിയാൻ പോകുകയാണ്."




TDHS THURAVOOR
THE DIGITAL MAGAZINE 2K24

"അപ്പോൾ സാറേ ഇത് പണിതാൽ നമുക്ക് കഴിക്കേണ്ട അരിയും മറ്റും ?"
"അത് നോക്കാൻ വേറെ ആളുണ്ട് നിങ്ങൾ.
ഞങ്ങൾ കുറച്ച് കാശ് തരും അതുകൊണ്ട് നീ...."
" എന്റെ ഏക ജീവിത മാർഗ്ഗമാണ് കൃഷി. നിങ്ങൾ അത്.... "
ഇതിന്റെ മനോവിഷമത്തിൽ അദ്ദേഹം വയലുകൾക്കിടയിലൂടെ നടന്നു. മക്കളെ പോലെ സംരക്ഷിച്ച നെൽകൃഷിയെ അദ്ദേഹത്തിന് നഷ്ടപ്പെടാൻ പോകുന്നു. അദ്ദേഹം തന്റെ മകളെ വിളിച്ചു പറഞ്ഞു. നമ്മുടെ നെൽകൃഷി നികത്താൻ രണ്ടുപേർ വന്നു. കൃഷിയില്ലാത്ത ലോകത്തിൽ നമ്മൾ എന്തിനു ജീവിക്കണം. തിരിച്ച് മകൾക്ക് മറുപടി പറയാൻ സമയം കൊടുക്കാതെ തന്റെ കയ്യിൽ ഇരുന്ന തീപ്പെട്ടി ഉരച്ച് വയലുകൾക്ക് തീവച്ചു. അതിൽ അവർ രണ്ടുപേരും വെന്തു മരിച്ചു വികസനം എന്ന് പറഞ്ഞ് കേരളത്തിലെ കൃഷി നശിപ്പിച്ചു. ഭക്ഷണത്തിനായി അന്യസംസ്ഥാനങ്ങളെ നമ്മൾ ആശ്രയിക്കേണ്ടി വരുന്നു.
"എന്ത് നശിക്കപ്പെട്ട ലോകം"



# -നൊമ്പരം-

കവിത
ലക്ഷ്മി എം ഹെഗ്ഡെ



നൊമ്പരം അറിയാതെ
വളർന്നുവല്ലോ...
കാത്തിരിപ്പിൻ നൊമ്പരം
അറിയില്ലയോ...
കാത്തിരിപ്പിൻ നൊമ്പരം
അറിയില്ലയോ...
കാണാത്ത ദൂരത്ത്
മറയുകില്ലേ...
മാറി നിന്നുകൊണ്ട് ആ ദുഃഖം
പുഴയായി ഒഴുകുകയില്ലേ...
കാതലേ... കാതലേ...
നൊമ്പരം...നൊമ്പരം...
പൂമ്പൊടിയായി വീശും നിൻ
ഹൃദയത്തിനുള്ളിൽ
കാത്തിരിപ്പിൻ നൊമ്പരം
അറിയണമേ...
എനിക്കും മേലെ സ്നേഹമാണ്
വലുത്...
അമ്മയും കാതലയും വരണം...
ഹൃദയത്തിൻ വേദന
മറക്കില്ല...
കടലാകുന്ന സ്നേഹം...
ഞാൻ കണ്ടു....
കടലാകുന്ന സ്നേഹം...
ഞാൻ കണ്ടു...
നിന്റെ സ്പർശം ഭൂമിയിൽ
ആകർഷണം...
എന്ത് പറഞ്ഞാലും നീ
എന്റെ തല്ലേ ...
കുഞ്ഞോ എങ്കിലും
വേദനിക്കില്ല ചോരയിൽ...

നീ വരാൻ വൈകിയാൽ
എന്റെ ഹൃദയം
തകരുകില്ലേ... നെഞ്ചിൽ
ചൂടേറ്റ് നീ മാറരുതേ,
ഒരു അമ്മയുടെ വേപഥു
ആർന്ന മുഖം
സ്മരിക്കണം...
മുഴുകുകയാണോ നിൻ
ഓർമ്മകളിൽ.

# एतत् असाध्यम्

സംസ്കൃത കഥ

**രാജശ്രീ**

नाम कृषीवलः एकत्र चित्रगिरि नाम ग्रामं आसीत् |तत्र गोपाल
श्रीधरः सकुटुम्बं जीवति स्म|तस्य त्रयः पुत्राः आसन्
, श्रीनरः, श्रीवरः च|ते पठनं तथा क्रीडनं च उत्सुकेन
तथा कुर्वन्नासन्|गृहं अतिपुरातनं तथा वासयोग्यं च नासीत्
इति कारणेन गोपालः नवीन गृहं करणीयं इति
अचिन्तयत्|पत्नी अपि तस्य प्रोत्साहनं कृतवती|

गृहनिर्माणार्थं वित्तकोशात् ऋणं स्वीकर्तुं
अचिन्तयत्|कतिपयदिनानन्तरं गोपालः पत्न्या साकं वित्तकोशम्
गतवान्|वित्तकोशस्य अधिकारिणः साकं सम्भाषणं कृतवान्
च|अधिकारिः ऋणदानं दातुं सन्नद्धः|धनम् स्वीकृत्य
ते सन्तोषेण गृहम् प्रत्यागतवन्तौ|कतिपयदिनानन्तरं
गृहस्य निर्माणम् आरब्धः|वित्तकोशात् लब्धम् धनं
अस्ति इति कारणेन गृहनिर्माणम् अतिवेगं सम्पूर्णं
अभवत्|गृहप्रवेशकर्ममपि सन्तोषेण कृतवन्तः|

एकस्मिन् दिने त्रयः पुत्राः विद्यालयम्
गतवन्तः|गोपालः कृषिक्षेत्रम् गतवान्|माता गृहकार्यमपि कुर्वन्ति
आसीत्|मध्याह्ने भोजनसमयः अतिक्रमः|गोपालः न आगतः|
पत्नी परिभ्रमेण किञ्चित् दूरं गत्वा पश्यति तथा
गोपालः मन्दं-मन्दं परिश्रान्तेन आगतवान् आसीत् सा
शीघ्रम् तस्य समीपम् गत्वा पृच्छति "किम् किमभवत्
भवान् परिश्रान्तः इति मन्ये ?" आम् परिश्रान्तः खलु
अहं तथा किमपि कर्तुं न शक्नोमि|" इति सः प्रत्यवदत्|
तर्हि भवान् भोजनं खादित्वा विश्रमं करोतु" इति सा
पत्नी पुनरपि अवदत्|

Scanned with CamScanner

पत्नीवचनं श्रुत्वा सः प्रकोष्ठं गत्वा विश्रमं अकरोत्। सायंकाले विद्यालयात् प्रत्यागतवन्तः पुत्राः पितरं अन्विष्टवन्तः। पिता प्रकोष्ठे अस्ति इति ज्ञात्वा ज्येष्ठः पुत्रः श्रीधरः प्रकोष्ठं प्रविश्य पितरं आहूतवान्। पिता तस्य आह्वानं न अशृणोत्। किन्तु पिता निश्चलः अभवत्। सः उच्चैः रुदितवान्। तस्य रोदनं श्रुत्वा माता अनुजाः च शीघ्रम् आगतवन्तः। ते अपि उच्चैः रोदनं कर्तुं आरब्धवन्तः।

कतिपयदिनानन्तरं एकस्मिन् दिने प्रातः माता गृहकार्ये व्यापृता आसीत्। माता बहिः किमपि आह्वयनं श्रुत्वा बहिः आगत्य आगतवन्तौ उद्योगस्थानां अपश्यत्। एतत् वित्तकोशात् आह्वानं आसीत्। तौ मातरं प्रति अवदत् "वयं वित्तकोशात् आगताः उद्योगस्थाः भवामः। गृहनिर्माणार्थं भवन्तः वित्तकोशात् ऋणदानं स्वीकृतवन्तः। एतावत् पर्यन्तं धनं किमपि न प्रतिदत्तम्। तत् सूचनार्थमेव वयं आगतवन्तः" इति। एतत् श्रुत्वा माता परिभ्रमेण प्रकोष्ठं गत्वा धनान्वेषणं अकरोत्। किन्तु तत्र किमपि नासीत्। सा शीघ्रम् उद्योगस्थानां समीपम् आगत्य एवं अवदत् "इदानीम् धनं दातुं किमपि नास्ति। आगामिसप्ताहे वित्तकोशम् आगत्य अहम् धननिक्षेपम् करिष्यामि" इति। उद्योगस्थाः प्रतिनिवृत्ताः।

कतिपयदिनानन्तरं पुनरपि तौ उद्योगस्थौ अधिकारिः साकं आगतवन्तौ। मातरं प्रति वार्तालापं कृतवन्तौ। इतः परं ऋणदानं प्रति किमपि धनं न निक्षिपति चेत् गृहं वित्तकोशस्य अधीनं भवति इति। एतत् श्रुत्वा सा तस्याः नेत्रे अश्रूणि अविगलत्। सा अधिकारिणः पादस्पर्शं कृत्वा पुनरपि धनदानं सावकाशं दातव्यं इति अवदत्। तदा एतत् असाध्यमेव कुपितः अधिकारिः अवदत्। श्वः एव वित्तकोशम् आगत्य धनं निक्षेपणीयं एतत् उक्त्वा ते प्रतिनिवृत्ताः।

सा किञ्चित् समयं मौनेन उपविष्टवती। सायंकाले विद्यालयात् आगतवन्तानां पुत्राणां प्रति सा सन्तोषेण व्यवहारं अकरोत्। सा दुःखेन पुत्राणां भोजने विषं मिश्रणं कृत्वा अयच्छत्। सा अपि भोजनं खादित्वा पुत्राणां साकं निद्रां अकरोत्। आगामिदिने कोऽपि निद्रायां न समुत्थितवन्तः।

Scanned with CamScanner



TDHS THURAVOOR
THE DIGITAL MAGAZINE 2k24










# ആനന്ദം
# ആവേശം
# അഭിമാനം

ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരള

# ഒരു പഠന യാത്ര


യാത്രാവിവരണം

**തുഷാർ പ്രഭു**

ഞാൻ രാവിലെ മൂന്നരയ്ക്ക് എഴുന്നേറ്റ് കുളിച്ച് ഒരുങ്ങി എൻറെ അച്ഛനോടൊപ്പം തുറവൂർ കെഎസ്ആർടിസി ബസ് സ്റ്റോപ്പിലേക്ക് പുറപ്പെട്ടു. അവിടെയെത്തി അല്പസമയം കഴിഞ്ഞപ്പോൾ എനിക്ക് പോകേണ്ട ബസ്സും എൻറെ സുഹൃത്തുക്കളും അവിടെ എത്തിച്ചേർന്നു. ഏതാണ്ട് 5 :15 ആയപ്പോൾ ബസ് അവിടെ നിന്നു പുറപ്പെട്ടു. അങ്ങനെ ഞാൻ കൂട്ടുകാരും ഒത്തു ചിരിച്ചും കളിച്ചും ഒക്കെ ഏകദേശം നാലുമണിക്കൂർ കഴിഞ്ഞപ്പോൾ തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരള നടക്കുന്ന മൈതാനത്ത് എത്തിച്ചേർന്നു. 12 :15 ആയപ്പോൾ ഞങ്ങൾ സയൻസ് ഫെസ്റ്റിവൽ കാണാൻ അകത്തേക്ക് പ്രവേശിച്ചു. ഞാൻ ആദ്യം ഭൂമിയുടെ അഞ്ച് കാലഘട്ടങ്ങൾ വിവരിക്കുന്ന ഒരു ബോർഡ് ആണ് കണ്ടത്.

അടുത്തതായി ഞാൻ ഭൂമിയുടെ കേന്ദ്രത്തിൽ നിന്ന് ആകാശത്തിൽ നോക്കിയാൽ എങ്ങനെയിരിക്കും എന്ന് കാണിക്കുന്ന 360 ഡിഗ്രി റൂമിൽ കയറി. അതിനുശേഷം സൗരയൂഥത്തിലെ ഓരോ ഗ്രഹങ്ങളെ പറ്റിയുള്ള വിവരണവും ഞാൻ അവിടെ കണ്ടു. ഇതു കണ്ടുകഴിഞ്ഞ് അവിടെ ഭൂമിയിൽ ജീവൻ എങ്ങനെ ഉണ്ടായെന്നും, ഒരു ഇലയുടെ അകത്തുള്ള മൈക്രോസ്കോപ്പിലൂടെ നോക്കിയാൽ എങ്ങനെ ഇരിക്കും എന്ന ഒരു വീഡിയോ ദൃശ്യവും, മനുഷ്യശരീരത്തിൽ ആദ്യം ഉണ്ടായ കോശം എങ്ങനെയാണ് രൂപം കൊള്ളുന്നത് എന്നൊക്കെ കണ്ടു. അതിനുശേഷം പരിണാമ സിദ്ധാന്തത്തിന്റെ പിതാവായ ചാൾസ് ഡാർവിൻ സഞ്ചരിച്ച കപ്പലിന്റെ മോഡലായി നിർമ്മിച്ച കപ്പലിൽ കയറി, ദിനോസറിന്റെ യഥാർത്ഥ വലുപ്പത്തിൽ നിർമ്മിച്ച അസ്ഥികൂട മാതൃകയും കണ്ടു.

അത് കഴിഞ്ഞ് ഞങ്ങൾ എല്ലാവരും ഉച്ച ഭക്ഷണം കഴിക്കാൻ ഫുഡ് കോർട്ടിൽ കയറി. ഭക്ഷണം കഴിച്ചു കഴിഞ്ഞ് അരമണിക്കൂർ കഴിഞ്ഞപ്പോൾ അടുത്ത കാര്യം കാണാൻ പോയി. അവിടെ ഞാൻ നീയാണ്ടർത്താലിന്റെയും, വംശനാശം സംഭവിച്ച ജീവികളുടെയും ഫോസിലുകൾ കണ്ടു. അത് കഴിഞ്ഞ് ചന്ദ്രയാൻ മൂന്ന് പേടകത്തിൽ ഉപയോഗിച്ച് എൻജിനും, മറ്റു പല വസ്തുക്കളും അവിടെ കണ്ടു. പിന്നീട് അവിടത്തെ സ്റ്റാളിലു കയറി, കൂടെ സയൻസ് എക്സ്പിരിമെന്റുമൊക്കെ കണ്ടു. ഞാൻ എൻറെ ജീവിതത്തിൽ ആദ്യമായിട്ട് ഇവിടെ വെച്ചാണ് VR ഉപയോഗിക്കുന്നത്. അത് ഉപയോഗിച്ചപ്പോൾ വളരെ നല്ല ഒരു അനുഭവമാണ് തോന്നിയത്.അവിടെ ഒരു റൂമിൽ ഒരു ഇരുണ്ട എസി റൂമിൽ ചന്ദ്രൻറെ മോഡലിൽ ഹീലിയം നിറച്ച ബോൾ ഉണ്ടായിരുന്നു. അതുപോലെ തന്നെ മാർസ്സിന്റെയും ഉണ്ടായിരുന്നു.







ഈ കാഴ്ച എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പിന്നീട് മൃഗങ്ങളുടെ കണ്ണുകളിൽ നമ്മൾ കാണുന്ന കാഴ്ചകൾ എല്ലാം എങ്ങനെയാണ് കാണുന്നത് എന്ന് കണ്ടു. അതു കണ്ടപ്പോൾ ഞാൻ ശരിക്കും ഞെട്ടിപ്പോയി. അതിനുശേഷം നമ്മുടെ തലച്ചോറിനെ പറ്റി വിശദമായി കാണിച്ചു, ഡി.എൻ.എയുടെ മോഡൽ കണ്ടു. ഞാൻ ഏറ്റവും കൂടുതൽ അതിശയിച്ചത് ഒരു രണ്ടു വയസ്സുള്ള കുട്ടി ഒരു മുറിയിൽ കാണുന്ന കാഴ്ചകൾ കണ്ടപ്പോഴാണ്. പിന്നെ എനിക്ക് 270 ഡിഗ്രിയിലെ യുദ്ധത്തിൻറെ കാഴ്ച എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അവസാനമായി ഞാൻ പഴയകാല മനുഷ്യരുടെ ജീവിതരീതികളാണ് കണ്ടത്. ഈ യാത്രയിൽ എനിക്ക് കുറെ അറിവ് നേടാൻ പറ്റി. എനിക്ക് ഏറെ സന്തോഷം തന്നു. എൻറെ ജീവിതത്തിലെ ഏറ്റവും മനോഹരമായ യാത്രയായിരുന്നു ഇത്. എൻറെ ജീവിതത്തിലെ ഈ യാത്ര ഞാൻ ഒരിക്കലും മറക്കില്ല

# വഴിച്ചാലുകൾ

കവിത
**പവിത്ര ആർ.കമ്മത്ത്**

ജനനം ഒന്നിൽ നിന്നെങ്കിലും മനുഷ്യർക്ക
ജീവിതം മനുഷ്യർക്ക് വഴിച്ചാലുകൾ.
അവർണ്ണ സവർണ്ണ ജാതിഭേതങ്ങളിൽ
ചണ്ഡാലഭിക്ഷുകി നിഷ്ണതാം താൻ

മനുഷ്യത ഇല്ല സമൂഹത്തിൽ ഇപ്പോൾ
പക്ഷേ ഉണ്ട് വല്ലതും ചെറുതൊന്നും
വേർതിരിവ്. പണ്ടത്തെ പാട്ടുകളിൽ
കേട്ടിട്ടുണ്ട് ബ്രാഹ്മണ, ക്ഷത്രിയ,
ശൂദ്രന്മാരെ

ജനനവും മരണവും
ഒരുപോലെയാണെങ്കിൽ ജീവിതത്തിൽ
ഭേദം എന്തുകൊണ്ട്?

ഒരുമിച്ച് ആനന്ദം ആർജിച്ച് ജീവിക്കാം
യുഗാന്തരം മാനവരായി!

മാനവ ജാതിക്ക് കിട്ടിയ ശാപം ആ
ജാതിഭേദങ്ങളെ വലിച്ചെറിയാം, ജീവിതം
ഒന്നാണ് ജീവൻ ശമിപ്പിക്കാം മരണമായി
ഒഴുകുന്ന നദികളിൽ

ജീവിതഭാരം ഒന്നാണ് പിന്നെ പല
കാരണം കൊണ്ട് വഴിച്ചാലുകളായി.
പിന്നെ മരണവും ഒന്നാണ്
ജാതിഭേദങ്ങളെ കുഴിച്ചുമൂടാം നമുക്ക്
ഒന്നായി.




TDHS THURAVOOR
THE DIGITAL MAGAZINE
2k24

# അച്ചടക്കത്തിന്റെ പ്രാധാന്യം

ഉപന്യാസം
**അഫ്രീന നസ്രീൻ**

ജീവിതത്തിൽ വളരെയധികം പ്രാധാന്യമാണ് അച്ചടക്കം. മനുഷ്യർ ജീവിതത്തിൽ അച്ചടക്കം പാലിക്കേണ്ടത് അനിവാര്യമാണ്. നമ്മൾ ഓരോരുത്തരും അച്ചടക്കപൂർണ്ണമായ ജീവിതം നയിക്കണം. അങ്ങനെയുള്ള വർക്ക് മാത്രമേ ഉയരത്തിലേക്ക് ചിന്തിക്കാനും അവിടെയൊക്കെ എത്താനും സാധിക്കുകയുള്ളൂ . അലസമായി ജീവിതം നയിക്കുന്ന ഒരാൾക്ക് അയാളുടെ ജീവിതം ഉയരത്തിലേക്ക് എത്തിക്കാൻ കഴിയുകയില്ല.

സമൂഹത്തിൽ ഒരാളെ ഉയർന്നവനാക്കുന്നത് അയാളുടെ സമ്പത്ത് പ്രൗഢിയോ കൊണ്ടാണ് മാത്രമല്ല അയാളുടെ സ്വഭാവ ശവശേഷിതകൾ കൂടിയാണ് അതിന് കാരണം എത്രമാത്രം പണം ഉണ്ടെങ്കിലും അയാൾ ഒരു മാന്യതയും അച്ചടക്കവും ഇല്ലാത്തവനാണ് എങ്കിൽ ആരും അയാളെ ബഹുമാനിക്കുകയോ സ്നേഹിക്കുകയില്ല . അത്രമാത്രം വിലപ്പെട്ടതാണ് അച്ചടക്കം

നമ്മൾ ഓരോരുത്തരും അച്ചടക്കവും, മാന്യതയും, സത്യസന്ധതയും, എല്ലാം ആദ്യമായി അഭ്യസിക്കുന്നത് വീട്ടിൽ നിന്നാണ്. അതിൽ അച്ഛനമ്മമാർക്ക് വളരെ വലിയ പങ്കുണ്ട് അവർ പഠിപ്പിക്കുന്ന ഓരോ സൽഗുണങ്ങളും നമ്മൾ ജീവിതത്തിൽ ഉടനീളം തുടർന്നു പോണം. നമ്മളുടെ ആദ്യ വിദ്യാഭ്യാസം നമ്മുടെ ഗ്രഹം തന്നെയാണ്. അവിടെ നിന്ന് ലഭിക്കുന്ന എല്ലാ പാഠങ്ങളും മനസ്സാവഹിച്ച് ജീവിതത്തിൽ പ്രാബല്യപ്പെടുത്തേണ്ടതാണ്.

അച്ചടക്കം ഇല്ലാത്ത ജീവിതം അർത്ഥ ശൂന്യമാണ്. നമ്മുടെ ജീവിതം ക്ഷണികമാണ്. അത് പെട്ടെന്ന് അവസാനിക്കുന്നു. അതുകൊണ്ടുതന്നെ ജീവിതം സന്തോഷവും സ്നേഹവും ഉണ്ടാകണമെങ്കിൽ അച്ചടക്കം ഉണ്ടാകണം. നമ്മൾ മറ്റെന്തിനേക്കാളും പ്രാധാന്യം അച്ചടക്കത്തിന് നൽകണം. ഒരാളുടെ സ്വഭാവം നല്ലതാകുന്നത് അയാൾ ഒരുപാട് നല്ല ശീലങ്ങൾ പാലിക്കുമ്പോഴാണ്.



അച്ചടക്കം ഇല്ലാത്ത ഒരാൾ തന്റെ ജീവിതം സ്വയമേ തകർത്തു കളയുന്നതുപോലെയാണ്. ചിട്ടയായ ജീവിതമാണ് വിജയത്തിന് കാരണം. നമ്മൾ ഓരോരുത്തരും തന്നെ വിചാരിക്കണം "തങ്ങളുടെ ജീവിതം എങ്ങനെ വേണമെന്ന്". നമ്മുടെ ജീവിതത്തിൽ സ്നേഹത്തിനും കരുണയ്ക്കു സ്വാതന്ത്ര്യക്കും അച്ചടക്കത്തിനും നമ്മൾ വലിയ വില കൊടുക്കണം.

ജീവിത നേട്ടങ്ങൾക്ക് ഒരു വലിയ പങ്ക് തന്നെ അച്ചടക്കം വഹിക്കുന്നുണ്ട് ഒരു കുട്ടിയുടെ നന്മതിന്മകൾ വാർത്തെടുക്കുന്നത് വീടും വിദ്യാലയവുമാണ് നമ്മുടെ മാതാപിതാക്കളും അധ്യാപകരും നമുക്ക് പഠിപ്പിച്ചു തരുന്ന വിലപ്പെട്ട വസ്തുവാണ് അച്ചടക്കം. പണത്തിനു സമ്പത്തിനോ പ്രൗഢിക്കോ ഉള്ളതിനേക്കാൾ ഉപരി പ്രാധാന്യം അച്ചടക്കത്തിന് ഉണ്ട്.

എന്റെ അഭിപ്രായത്തിൽ അച്ചടക്കമുള്ള ഇടത്തെ വിജയം ഉള്ളൂ. അച്ചടക്കം ഇല്ലാത്ത ഒരാൾക്ക് വിജയത്തിൽ എത്തിപ്പെടാൻ സാധിക്കുകയില്ല. അനുസരണ , കരുണ, സ്നേഹം, ബഹുമാനം, സത്യസന്ധത, വിശ്വസ്തത, എല്ലാം അച്ചടക്കത്തിന്റെ ഭാഗമാണ്. ഇതെല്ലാം ജീവിതത്തെ ഉയർത്തുന്ന നിലയിലേക്ക് എത്തിക്കുന്നു. "അച്ചടക്കം വേണം ജീവിതത്തിൽ "

> അനുസരണ , കരുണ, സ്നേഹം, ബഹുമാനം, സത്യസന്ധത, വിശ്വസ്തത, എല്ലാം അച്ചടക്കത്തിന്റെ ഭാഗമാണ്. അച്ചടക്കമുള്ള ഇടത്തെ വിജയം ഉള്ളൂ...

